


# വിചിന്തനം

മെയ് 2025

ആരുടെയെങ്കിലുമൊക്കെ ഒരു ഇടപെടൽ കൊണ്ട് ചിലരുടെ ജീവിതം മാറിമറിയുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? ചില സാഹചര്യങ്ങളിൽ ആ ഇടപെടൽ ദൈവത്തിനു പ്രവർത്തിക്കാനുള്ള വഴിയൊരുക്കുകയായിരുന്നു എന്നും തോന്നിയിട്ടുണ്ടാകും.

രണ്ട് ജീസസ് യൂത്ത് സുഹൃത്തുക്കളെ നമുക്ക് ഒന്നു പരിചയപ്പെടാം. ഒരാൾ പരമ്പരാഗത കത്തോലിക്കാ കുടുംബത്തിൽ ജനിച്ചുവളർന്നയാൾ. മറ്റേയാൾ ആ ജീവിതം തിരഞ്ഞെടുത്തയാൾ. അല്ലെങ്കിൽ, തിരഞ്ഞെടുക്കപ്പെട്ടു എന്ന് പറയുന്നതാവും ശരി.

ടർബനും താടിയുമൊക്കെയുള്ള അസ്സൽ സിഖ് മതവിശ്വാസിയായ സുഖ്‌വിന്ദർ സിംഗ് ഡോക്ടറാണ്. ഒരു ജീസസ് യൂത്ത് പ്രോഗ്രാമിലേക്ക് അനു അദ്ദേഹത്തെ വിളിച്ചപ്പോൾ അദ്ദേഹത്തിനു നിസ്സംഗഭാവമായിരുന്നു. എന്തായാലും, ക്ഷണം തുടർന്നപ്പോൾ ധ്യാനത്തിൽ പങ്കെടുക്കുമെന്ന് തീരുമാനിക്കാതെ അദ്ദേഹത്തിന് നിർവാഹമില്ലാതായി.

ധ്യാനത്തിനിടയിൽ പ്രത്യേകിച്ചൊരു ‘യേശു അനുഭവം’ ഉണ്ടായില്ലെങ്കിലും, പ്രാർത്ഥനയ്ക്കായി ഇത്രയും യുവതീയുവാക്കൾ ഒത്തുചേരുന്ന കാഴ്ച സുഖ്‌വിന്ദറിൽ വലിയ മതിപ്പുളവാക്കി. ലോകത്തിന്റേതായ വ്യഗ്രതകളിൽ മുഴുകുന്നതിന് പകരം ഇത്രയും യുവാക്കൾക്ക് പ്രാർത്ഥിക്കാൻ പ്രചോദനം ലഭിക്കണമെങ്കിൽ, ഉന്നതമായ ഒരു ശക്തി തീർച്ചയായും അവരിൽ പ്രവർത്തിക്കുന്നുണ്ട് എന്ന ഉറച്ച ബോധ്യത്തിലേക്ക് അദ്ദേഹം നയിക്കപ്പെട്ടു. ആ തിരിച്ചറിവിൽ തുടങ്ങിയ യാത്ര അദ്ദേഹത്തെ യേശുവിലേക്ക് എത്തിക്കുകയായിരുന്നു. അത്ഭുതകരമായ വിധത്തിലാണ് സുഖ്‌വിന്ദർ സിംഗ് പിന്നീട് കർത്താവിനാൽ രൂപാന്തരപ്പെട്ട് ഒരു മിഷനറിയും ജീസസ് യൂത്തും ആയിത്തീർന്നത്. വലിയ രോഗശാന്തികൾക്കായി ഉപയോഗിച്ചുകൊണ്ടുപോലും കർത്താവ് അദ്ദേഹത്തിലൂടെ ശക്തമായി പ്രവർത്തിച്ചു.

അനു അവളുടെ കംഫർട് സോണിനു പുറത്തു കടന്ന് സുഖ്‌വിന്ദർ സിംഗുമായി ഇടപഴകിയില്ലായിരുന്നെങ്കിൽ, അദ്ദേഹം യേശുവിനെ അറിയുമായിരുന്നോ ? പലപ്പോഴും ദൈവത്തിന് നമ്മിലൂടെ പ്രവർത്തിക്കാൻ സാധിക്കുന്നത് ഈ കംഫർട് സോണുകൾ വിട്ട് നാം പുറത്തിറങ്ങുമ്പോഴല്ലേ ? തിരസ്കരിക്കപ്പെടുമെന്നുള്ള ഭയം കൊണ്ടോ തെറ്റിദ്ധാരണ കൊണ്ടോ എത്രയോ വട്ടം നാം നമ്മെത്തന്നെ മുന്നോട്ടുപോകാൻ അനുവദിക്കാതിരുന്നിട്ടുണ്ട് ! ഒരുപക്ഷേ, ഈ അസ്വസ്ഥതയുടെ നിമിഷങ്ങളിലാകാം നമ്മുടെ ശരിയായ വളർച്ച തുടങ്ങുന്നത്.

ചുറ്റുമുള്ള മനുഷ്യരിലേക്ക് ഇറങ്ങിച്ചെല്ലുക എന്നത് നമ്മെ പേടിപ്പെടുത്തിയേക്കാം. നമ്മെ അപകടകരമായ പല അവസ്ഥകളിലൂടെയും അത് കൊണ്ടുപോയേക്കാം. പലപ്പോഴും അപരിചിതങ്ങളായ ഇടങ്ങളിലേക്ക് കാലെടുത്തുവയ്ക്കേണ്ടി വന്നേക്കാം. പലവിധത്തിലുള്ള ജീവിതപശ്ചാത്തലങ്ങളിൽനിന്നു വരുന്ന ആളുകളുമായി ഇടപെടേണ്ടി വന്നേക്കാം. മുഖം തിരിക്കലിന്റെ, തിരസ്കരണങ്ങളുടെ അസ്വസ്ഥതകളുണ്ടായേക്കാം. എന്നിരുന്നാലും നമ്മുടെ വിശ്വാസം ശരിക്കും വളരുന്നത് ഇങ്ങനെയുള്ള അസ്വസ്ഥതകളിലൂടെയുമാവാം. ഒരു കർത്തവ്യം എന്നതിലുപരി മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലുക എന്നത് പരിവർത്തനത്തിനുള്ള അവസരമാകുമോ, നമുക്ക് മാത്രമല്ല മറ്റുള്ളവർക്കും?

അനു ചെയ്തത് ഒരു നിസ്സാരകാര്യമല്ലേ എന്ന് തോന്നിയേക്കാം. എന്നാൽ ആരംഭത്തിൽ തടസ്സങ്ങൾ ഉണ്ടായെങ്കിലും പിന്മാറാതെ, സുഖ്‌വിന്ദറിന്റെ അനുകൂല പ്രതികരണം ഉണ്ടാകുന്നതുവരെ അവൾ തന്റെ കർത്തവ്യത്തെ പിന്തുടർന്നു. തന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തവനിൽ വിശ്വസിച്ചുകൊണ്ട് അവൾ തന്റെ മടിയെയും ഭയത്തെയും അതിജീവിച്ചു.

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ റൂബി ജൂബിലിയോടടുക്കുന്ന ഈ വേളയിൽ, ദ്രുതഗതിയിൽ ഗഹനമായ പരിവർത്തനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തെയാണു നാം കാണുന്നത്. ‘ഇത് മാറ്റത്തിന്റെ യുഗമാണെന്ന് പറയുന്നതിനേക്കാൾ, ഒരു യുഗത്തിന്റെ തന്നെ മാറ്റത്തിലൂടെ നമ്മൾ കടന്നുപോകുന്നു എന്നതാണ് വാസ്തവം’ എന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞത് തികച്ചും ശരിയാണ്. ഇത്രയും പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ ജീവിക്കുമ്പോൾ, നമ്മുടെ വിശ്വാസം ഊർജ്ജസ്വലമാണെന്നും കാലിക പ്രസക്തി ഉള്ളതാണെന്നും എങ്ങനെ ഉറപ്പാക്കാം? ഒരു പുനർവിചിന്തനം നടത്താനും മറ്റുള്ളവരിലേക്ക് എത്തിച്ചേരാനുള്ള വഴികൾ കാലാനുസൃതമാക്കാനും നമ്മൾ തയാറാണോ?

സുരക്ഷിതമെന്ന് തോന്നുന്നതും പരിചിതമായതും മാത്രം ചെയ്തുകൊണ്ട് നമ്മുടെ കംഫർട് സോണിനുള്ളിൽ തന്നെ ഒതുങ്ങുക എന്നത് പ്രലോഭിപ്പിക്കുന്നതാണ്. പക്ഷേ, അത്തരം ചുറ്റുപാടുകളിൽ വിശ്വാസവളർച്ച ഉണ്ടാകുന്നത് അപൂർവമാണെന്നു മാത്രം. ശരിയായ ഇറങ്ങിച്ചെല്ലൽ നടക്കുന്നത് മറ്റുള്ളവരെ പൂർണ്ണ ഹൃദയത്തോടെ സ്വാഗതം ചെയ്യുമ്പോഴും അവരുടേതു മാത്രമായ കാഴ്ചപ്പാടുകളെ പോലും ഉൾക്കൊള്ളാൻ സാധിക്കുമ്പോഴും, ആ വൈവിധ്യത്തിലെ സൗന്ദര്യം ആഘോഷിക്കുമ്പോഴുമാണ്. മറ്റുള്ളവർക്ക് തങ്ങൾ ശരിക്കും പരിഗണിക്കപ്പെടുന്നു, വിലമതിക്കപ്പെടുന്നു എന്ന തരത്തിൽ അവരെ ഉൾകൊള്ളുന്ന ഇടങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? അതോ അതിനൊന്നും മെനക്കെടാൻ മനസ്സില്ലാതെ നമ്മൾ പുറകോട്ട് വലിയുകയാണോ?

ഒരുപക്ഷേ ഉള്ളിന്റെ ഉള്ളിൽ നമ്മളെല്ലാവരും തന്നെ ആഗ്രഹിക്കുന്നത് വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നു വരുന്ന ആളുകളുമൊത്ത് യാത്ര തുടങ്ങാനായിരിക്കും. അതിനായുള്ള നമ്മുടെ ശ്രമങ്ങൾ വിജയിക്കുന്നുമുണ്ടാകാം. എന്നിരുന്നാലും അൽപംകൂടി കഠിനാധ്വാനം ചെയ്യാൻ നമുക്കാകുമോ ? നമ്മുടെ പ്രൗഢമായ സാംസ്കാരിക പശ്ചാത്തലത്തിൽ വേരൂന്നിക്കൊണ്ടു തന്നെ, മറ്റ് സംസ്കാരങ്ങളുടെ സമ്പന്നതയിലേക്കും കാഴ്ചപ്പാടുകളിലേക്കും തുറവിയുണ്ടാകുന്നത് നമുക്ക് സാധ്യമാണോ? ‘‘ഇതെപ്പോഴും ഇങ്ങനെയായിരുന്നല്ലോ’’ എന്ന ചിന്താഗതിക്കപ്പുറത്തേക്കു പോകാനാണ് ഫ്രാൻസിസ് പാപ്പാ നമ്മെ ആഹ്വാനം ചെയ്യുന്നത്. വളരാനും ഇറങ്ങിച്ചെല്ലാനും നവമായ ഉത്സാഹത്തോടെ നമ്മുടെ വിശ്വാസം ജീവിക്കാനുമുള്ള പുതിയ വഴികൾ അപ്പോൾ തെളിഞ്ഞെന്നുവരില്ലേ ?

വിശ്വാസത്തോടെ ചുവടുകൾ മുന്നോട്ട് വയ്ക്കുന്നതിന് ധീരത ആവശ്യമാണ്,
പക്ഷേ നമ്മൾ നടക്കുന്നത് ഒറ്റയ്ക്കല്ലല്ലോ;
നമ്മെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുന്ന ദൈവം നമുക്കുണ്ട്.
ആരുമായി ഇടപഴകാനായിരിക്കും ഇന്ന് ദൈവം നമ്മെ വിളിക്കുന്നുണ്ടാകുക? ഒരു ചെറിയ ക്ഷണത്തിനായി കാത്തുനിൽക്കുന്ന ആരെങ്കിലും നിങ്ങളുടെ ഹൃദയത്തിലുണ്ടോ? ഫ്രാൻസിസ് പാപ്പാ നമ്മുടെ മുന്നിലേക്കുവയ്ക്കുന്നത് ശക്തമായ വെല്ലുവിളിയാണ്, ‘‘തെരുവിൽ ആയിരിക്കുന്നതുമൂലം പരിക്കു പറ്റിയ, വേദനിക്കുന്ന, അഴുക്കു പുരണ്ട ഒരു സഭയാണ്, സ്വന്തം സുരക്ഷിതത്വത്തിലേക്ക് ചുരുങ്ങുകയും അതിനോട് ഒട്ടിനിൽക്കുകയും ചെയ്യുന്നത് മൂലം അനാരോഗ്യത്തിലായിരിക്കുന്ന സഭയേക്കാൾ എനിക്കിഷ്ടം’’ (സുവിശേഷത്തിന്റെ ആനന്ദം, 49). റിസ്ക്കെടുക്കുന്ന, വെല്ലുവിളികൾ നിറഞ്ഞ ഉദ്യമങ്ങൾക്ക് ഇറങ്ങിത്തിരിക്കുന്ന, ഒരു സഭയുടെ ഭാഗമാകാൻ നമ്മൾ തയാറാണോ? ദൈവത്തിന്റെ ശക്തിയിലും വഴിനടത്തലിലും വിശ്വസിച്ചുകൊണ്ട് അവിടത്തോടൊപ്പം നിങ്ങൾ ഇറങ്ങിത്തിരിക്കുമോ? ആരിലേക്കെത്താനാണ് ഇന്ന് ദൈവം നിങ്ങളെ ക്ഷണിക്കുന്നത്?

ഫാ. ആന്റണി സേവ്യർ

*ജീസസ് യൂത്ത് മുന്നേറ്റത്തിനായി പൗരോഹിത്യം സ്വീകരിച്ച വൈദികനാണ് ഫാ. ആന്റണി. നാഗ്പൂരിലെ അങ്കുർ കുഞ്ച് മൈനർ സെമിനാരിയുടെ വൈസ് റെക്ടറായും, ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും സേവനമനുഷ്ഠിക്കുന്നു.*

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*